പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ :T 221

08.07.2015-ലെ മറുപടിയ്ക്ക്

## ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ; | (ബി) | ഇക്കോടൂറിസം കേന്ദ്രങ്ങൾ ഏറിയ പങ്കും വന പ്രദേശങ്ങളിലായതിനാൽ പൊതു ടൂറിസം കേന്ദ്രങ്ങളിൽ നിന്നും ഭിന്നമായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എല്ലാം തന്നെ പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദസഞ്ചാര പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചു വരുന്നത്. ട്രക്കിംഗ്, ബോട്ടിംഗ്, അക്വേറിയം, ഇന്റർപ്രട്ടേഷൻ സെന്റർ, വ്യൂപോയിന്റ്, തൂക്കുപാലം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, ടോയ്ലറ്റ് സൗകര്യം, കാട്ടുമായുള്ള അടുത്തിടപഴകൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. പരിസ്ഥിതിയെ ഒട്ടുംതന്നെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വാഹകശേഷി അനുസരിച്ചാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക |

സൗന്ദര്യം ആസ്വദിക്കാനാണ് ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നത്. ആകയാൽ പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഈ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത്. വനാധിഷ്ഠിത സമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്താനും അവരുടെ സാമ്പത്തികാഭിവൃത്തിയും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ; | (സി) | വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ടൂറിസം വകുപ്പ്. |
| (ഡി) | ഇക്കോ ടൂറിസം പദ്ധതിക്കായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | വനമേഖലയിലുള്ള പ്രകൃതി രമണീയമായ സ്ഥലങ്ങളാണ് വിവിധ ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുക്കുന്നത്. സഞ്ചാരികൾക്ക് തടസ്സം കൂടാതെ എത്തിച്ചേരാനുള്ള സൗകര്യം കണക്കിലെടുത്ത് പ്രകൃതിയുടെ ആവാസ വ്യവസ്ഥയെ പ്രത്യക്ഷമായോ, പരോക്ഷമായോ ക്ഷതമേൽപ്പിക്കാൻ സാധ്യതയില്ലാത്ത സ്ഥലങ്ങൾ മാത്രമാണ് ഇക്കോട്ടൂറിസം പദ്ധതിക്കായി |

തിരഞ്ഞെടുക്കുന്നത്. അതുപോലെ തന്നെ വനാധിഷ്ഠിത സമൂഹത്തിന് പ്രയോജനം ലഭിക്കത്തക്കവിധം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സ്ഥലങ്ങളും പരിഗണിക്കപ്പെടുന്നു.

സെക്ഷൻ ഓഫീസർ